Ph. 0471 -2317480

# KERALA STATE BHARAT SCOUTS & GUIDES

State Headquarters, Vikas Bhavan P.O., Thiruvananthapuram-695 033
Website:www.ksbsg.kerala.gov.in Email:secy.ksbsg@kerala.gov.in

| *Patron* | *President* | *State Chief Commissioner* | *State Secretary* |
|---|---|---|---|
| **ARIF MOHAMMAD KHAN** | **V SIVANKUTTY** | **SHANAVAS.S IAS** | **N. K. PRABHAKARAN** |
| Hon'ble Governor of Kerala | Hon'ble Minister for Education | State Chief Commissioner | Phone : 8086047335 |


**No. B-2865/2022/KSBS&G** Dt. 08-06-2023

സ്വീകർത്താവ്

**എല്ലാ ജില്ലാ സെക്രട്ടറിമാർക്കും**

സർ,

**വിഷയം : കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്- സംസ്ഥാനതല അവാർഡ് / പ്രസിഡന്റ് സ്കൗട്ട്/ഗൈഡ്/റോവർ/റേഞ്ചർ സർട്ടിഫിക്കറ്റ് ടെസ്റ്റ് - 2022 സംബന്ധിച്ച്**

**സൂചന : NHQ Circular No: 95/2023 dt. 19.05.2023**

2022-23 വർഷത്തെ പ്രസിഡന്റ് അവാർഡ് സ്കൗട്ട് /ഗൈഡ്/റോവർ/റേഞ്ചർ സംസ്ഥാന തല ടെസ്റ്റിംഗ് ക്യാമ്പ് 2023 ജൂൺ 22 മുതൽ 24 വരെ സംസ്ഥാന ട്രെയിനിംഗ് സെന്റർ, പാലോട്, തിരുവനന്തപുരത്ത് വച്ച് നടത്തപ്പെടുന്നു. ലിസ്റ്റിൽ പേരുള്ള സ്കൗട്ട്സും ഗൈഡ്സും റോവേഴ്സും ജൂൺ 22 ന് രാവിലെ 08.00 മണിക്ക് ക്യാമ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രവേശ് മുതൽ രാഷ്ട്രപതി അവാർഡ് വരെയുള്ള പാഠഭാഗങ്ങൾ, സമകാലിക സംഭവങ്ങൾ, പൊതുവിജ്ഞാനം എന്നിവയിൽ നിന്നാകും റിട്ടൺ ടെസ്റ്റിനുള്ള ചോദ്യങ്ങൾ ഉണ്ടാക്കുക, ചോദ്യങ്ങൾ ഇംഗ്ലീഷിലായിരിക്കും. ഉത്തരമെഴുതേണ്ടതും ഇംഗ്ലീഷിൽ തന്നെയാണ്.

രാഷ്ട്രപതി സിലബസ്സുമായി ബന്ധപ്പെട്ട എല്ലാ ലോഗ്ബുക്ക്സും (Individual & Activity Log, Proficiency Badge Logs) ടെസ്റ്റ് കാർഡും ഹാജരാക്കേണ്ടതാണ്. ആംബുലൻസ്മാൻ / ആംബുലൻസ് ഉൾപ്പെടെയുള്ള എല്ലാ പ്രൊഫിഷൻസി ബാഡ്ജുകൾക്കും റിട്ടൺ, ഓറൽ, പ്രാക്ടിക്കൽ ടെസ്റ്റുകൾ ഉണ്ടായിരിക്കും. ടെസ്റ്റിനാവശ്യമായ Knoting Rope, Lashing Rope, Compass, Bandage Cloth, പയനീയറിംഗ് പ്രോജക്ടിനാവശ്യമായ കഴകൾ, ക്യാമ്പ് ഉപകരണങ്ങൾ, ടെന്റ് / ഷെൽട്ടർ നിർമാണത്തിനാവശ്യമായ സാമഗ്രികൾ എന്നിവ കരുതേണ്ടതാണ്. സംസ്ഥാനതല ടെസ്റ്റിൽ 70% ൽ കൂടുതൽ സ്കോർ ലഭിക്കുന്നവർക്ക് മാത്രമേ ദേശീയതല ടെസ്റ്റിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ആവശ്യമായ തയ്യാറെടുപ്പുകളോടെ കുട്ടികളെ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടതാണ്.

2023 ജൂൺ 21 ന് വൈകുന്നേരം ക്യാമ്പിൽ റിപ്പോട്ട് ചെയ്യുന്നവരുണ്ടെങ്കിൽ മുൻകൂട്ടി എസ്.ഒ.സി മാരെ അറിയിച്ചാൽ അവർക്ക് ഭക്ഷണം, താമസസൗകര്യം എന്നിവ ലഭിക്കുന്നതാണ്.

10 കുട്ടികൾക്ക് ഒരാൾക്ക് എന്ന തോതിൽ എസ്കോട്ടിംഗ് ടീച്ചേഴ്സ് യൂണിഫോമിൽ ക്യാമ്പിൽ ഉണ്ടാവണം.

| | |
|---|---|
| Reporting Time | : 22.06.2023 - 08.00 am |
| Camp Fee | : 500/- |
| Departure Time | : 24.06.2023 - 03.00 pm |
| Passport Size Photo with Uniform | : 2 Nos |

വിശ്വസ്തതയോടെ,

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS

സ്റ്റേറ്റ് സെക്രട്ടറി

**പകർപ്പ് ;**

എല്ലാ ഡി.ഒ.സി മാർക്കും